**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 714** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>തൊടുപുഴ മുള്ളരിങ്ങാട് മേഖലയിലെ കാട്ടാന ശല്യം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് (2021 - 26) ഇടുക്കി ജില്ലയിലെ വന വിസ്തൃതി വർധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് ഇടുക്കി ജില്ലയിലെ വനവിസ്തൃതി മൊത്തത്തിൽ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ മുൻ സർക്കാരിന്റെ കാലയളവിൽ ഇടുക്കി ജില്ലയിൽ വനം വകുപ്പിന്റെ കൈവശത്തിലും ഉടമസ്ഥതയിലും ഉള്ളതുമായ ഭൂമികൾക്ക്, 1961-ലെ കേരള വനനിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് പദവി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

കുമളി റെയ്ഞ്ച് ഓഫീസ് കോമ്പൗണ്ട് - (സ.ഉ.(പി)നം.31/2021/വനം, തീയതി 27.07.2021 പ്രകാരം 2.6798 ഹെക്ടർ)

ചെങ്കുളം റിസർവ് - (സ.ഉ.(പി)നം. 16/2022/വനം, തീയതി 10.05.2022 പ്രകാരം 87.37 ഹെക്ടർ)

ചിന്നക്കനാൽ റിസർവ് - (സ.ഉ.(പി)നം. 19/2023/വനം, തീയതി 29.09.2023 പ്രകാരം 364.89 ഹെക്ടർ)

ദേശീയപാത 85 മൂന്നാർ-ബോഡിമെട്ട് റോഡ് വികസനത്തിനായി കൈമാറിയ വനഭൂമിക്ക് പകരമായി, പരിഹാര വനവൽക്കരണത്തിനായി വനം വകുപ്പിന് വിട്ടു നൽകിയ 1.5 ഹെക്ടർ ഭൂമി സ.ഉ.(പി)നം. 4/2024/വനം തീയതി 27.02.2024 പ്രകാരം ആനയിറങ്കൽ റിസർവ് എന്ന പേരിൽ പ്രൊപ്പോസ്ഡ് റിസർവ് പദവി നൽകിയിട്ടുണ്ട്.

ഇത് കൂടാതെ, പീരുമേട് താലൂക്കിൽ 19.1950 ഹെക്ടർ ഭൂമി കോടതി ഉത്തരവ് പ്രകാരം കസ്റ്റോഡിയൻ ഓഫ് വെസ്റ്റഡ് ഫോറസ്റ്റ് തിരിച്ച് കൊടുത്തിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ മറയൂർ വില്ലേജിലെ 0.3237 ഹെക്ടർ ഭൂമി 2003-ലെ കേരള വനം (പരിസ്ഥിതിലോല ഭൂമികളുടെ ഏറ്റെടുക്കലും മാനേജ്മെന്റും) നിയമ പ്രകാരം പരിസ്ഥിതിലോല ഭൂമിയായി പ്രഖ്യാപിച്ചത് പരിസ്ഥിതിലോല പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

**(ബി)** തൊടുപുഴ മുള്ളരിങ്ങാട് മേഖലയിൽ കാട്ടാന ശല്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന്റെ ഭാഗമായി കോതമംഗലം ഡിവിഷന് കീഴിൽ ആർ.ആർ.റ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ സെക്ഷനുകളിലും, സ്റ്റേഷനുകളിലും ടൂൾ റൂം സ്ഥാപിച്ച് വരുന്നുണ്ട്. ഇഞ്ചിപ്പാറ മുതൽ ചുള്ളിക്കണ്ടം വരെയുള്ള 3 കി.മീ. ഭാഗത്ത് സോളാർ വൈദ്യുതവേലി നിർമ്മിക്കുകയും, RKVY പദ്ധതിയിൽ ഉൾപ്പെടുത്തി മുള്ളരിങ്ങാട് റെയിഞ്ചിലെ ചുള്ളിക്കണ്ടം ചെക്ക് പോസ്റ്റ് മുതൽ പനംകുഴി വരെ 1.50 കി.മീ. ദൂരത്തിൽ ഹാങിംഗ് സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുമുണ്ട്. ഈ വൈദ്യുതി വേലികളുടെ പ്രവർത്തനക്ഷമത ജീവനക്കാർ ദിവസേന പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

വന്യജീവി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ള ഇടങ്ങളിൽ രാത്രി കാലങ്ങളിൽ അവയുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി പൊതുവഴികളിൽ വഴിവിളക്കുകൾ സ്ഥാപിക്കുകയും അതോടൊപ്പം പാതയുടെ ഇരുവശവുമുള്ള അടിക്കാടുകൾ വെട്ടിത്തെളിക്കുകയും, പട്രോളിംഗ് നടത്തുന്നതിനുവേണ്ടി ജീവനക്കാരോടൊപ്പം രാത്രിയും പകലും വാച്ചർമാരെ കൂടി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ റെയിഞ്ചുകളിലും Pump Action Gun ലഭ്യമാക്കിയിട്ടുള്ളതും വന്യജീവി നിരീക്ഷണത്തിനും സംരക്ഷണത്തിനുമായി വന്യജീവി സാന്നിദ്ധ്യം കൂടുതലുള്ള മേഖലകളിൽ ക്യാമറ ട്രാപ്പ്, Drone എന്നിവയും M-STrIPES എന്ന സോഫ്റ്റ്‌വെയറും ഉപയോഗിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**